JAA (C)
The document should be uploaded to the Department website
ADT 28/05/14

കേരള സർക്കാർ

സംഗ്രഹം

വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - ശ്രീ. മുഹമ്മദ് ഹുസൈൻ, പ്രിൻസിപ്പാൾ ഗവ. (വനിത) ഐ.ടി.ഐ. കൊല്ലം - സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും (സി) വകുപ്പ്

സ.ഉ. (ആർടി) നം. 677/2014/തൊഴിൽ തിരുവനന്തപുരം, തീയതി 28.05.2014.

---

പരാമർശം - ട്രെയിനിംഗ് ഡയറക്ടറുടെ 16.5.2014 ലെ വി.സി./25226/14 നമ്പർ കത്ത്.

## ഉത്തരവ്

2013 സെപ്തംബറിൽ നടന്ന എസ് സി വി ടി പരീക്ഷ എഴുതിയ ആര്യനാട് ഗവ. ഐ.ടി.ഐ.യിലെ രണ്ട് ട്രെയിനികളുടെ എംപ്ലോയബിലിറ്റി സ്കിൽ പരീക്ഷയുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയക്യാമ്പിൽ വച്ച് നഷ്ടപ്പെട്ടുകയുണ്ടായെന്നും, ഇക്കാര്യത്തിൽ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ക്യാമ്പ് ഓഫീസർ ആയിരുന്ന കൊല്ലം ഗവ.(വനിത) ഐ.ടി.ഐ. യിലെ പ്രിൻസിപ്പൽ ശ്രീ. മുഹമ്മദ് ഹുസൈന്റെ ഭാഗത്ത് ഇക്കാര്യത്തിൽ വീഴ്ചയുണ്ടായിട്ടുള്ളതായി കണ്ടെത്തിയതിനാൽ ടിയാനെതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്നും പരാമർശക്കത്തു പ്രകാരം ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മേൽ വിഷയത്തിൽ ശ്രീ.മുഹമ്മദ് ഹുസൈന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ചയുണ്ടായതായി ബോധ്യപ്പെടുകയും ചെയ്തു. ആയതിനാൽ കൊല്ലം ഗവ.(വനിത) ഐ.ടി.ഐ. പ്രിൻസിപ്പാളായ ശ്രീ. മുഹമ്മദ് ഹുസൈനെ അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സസ്പെൻഷൻ കാലയളവിൽ ടിയാന് സബ്സിസ്റ്റൻസ് അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി. രാജേന്ദ്രൻ ചെട്ടിയാർ,
അണ്ടർ സെക്രട്ടറി.

ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം
ശ്രീ. മുഹമ്മദ് ഹുസൈൻ, പ്രിൻസിപ്പാൾ, ഗവ. (വനിത) ഐ.ടി.ഐ. കൊല്ലം (ട്രെയിനിംഗ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (ഗവ. വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

Endt: No: VC/25226/14 dtd 28.5.14 - Copy forwarded to Sri. Muhammed Hussain, Principal, ITI Kollam

for Director of Training